## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2529 — 05/11/2019-ൽ മറുപടിക്ക്

### വിളയൂരിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പട്ടാമ്പി മണ്ഡലത്തിലെ വിളയൂരിൽ കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ)<br>&<br>(ബി) | 24/02/2016 ലെ ഉത്തരവ് പ്രകാരം പുതിയതായി അനുവദിയ്ക്കുന്ന സെക്ഷനോഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭ്യമാകുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനാണ് ബോർഡ് തീരുമാനം.<br>വിളയൂരിൽ അനുവദിച്ച സെക്ഷനോഫീസിന് കെട്ടിടം പണിയുന്നതിന് 10 സെന്റ് ഭൂമി സർക്കാർ അനുമതിക്ക് വിധേയമായി കൈമാറി നൽകാമെന്ന് വിളയൂർ ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ മേൽ ഭൂമി ഏറ്റെടുക്കുന്നതിന് 18/10/2019-ൽ ബോർഡ് തത്വത്തിൽ അനുമതി നൽകിയിരുന്നു. ഭൂമി ലഭിയ്ക്കുന്ന മുറയ്ക്ക് സെക്ഷനോഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് |
| (ബി) | പ്രസ്തുത സെക്ഷൻ ഓഫീസ് ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ